**29th October 2015 / Thursday** **4th day of 90 days**

**II കൊരിന്ത്യർ 4:10**

**യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു.**

യേശുക്രിസ്തുവിന്റെ ബാക്കി കഷ്ടപ്പാടുകൾ നാം വഹിക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിഞ്ഞ് സന്തോഷത്തോടെ അതിനെ സ്വീകരിച്ച് സകലവും നമ്മുടെ ശുദ്ധീകരണത്തിനും ശക്തീകരണത്തിനും പ്രയോജനപ്പെടുത്തേണം. കഷ്ടപ്പാടുകൾ, പ്രയാസങ്ങൾ എന്നിവ യേശുക്രിസ്തുവിനുവേണ്ടി സഹിക്കുകയും വഹിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ അശുദ്ധികളും ശാപപാപങ്ങളും കഴുകപ്പെടുകയും ശുദ്ധീകരണം പ്രാപിച്ച് യേശുവിന്റെ ജീവൻ നമ്മളിൽ വസിക്കുകയും അത് മററുള്ളവർക്ക് വെളിപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തു സഹിച്ച കുരിശിന്റെയും കഷ്ടതയുടെയും ബാക്കി നാം സന്തോഷത്തോടെ സഹിച്ചും വഹിച്ചും പൂർത്തീകരിച്ചാൽ മാത്രമേ, പൂർണ്ണമായും ദൈവരാജ്യത്തിന്റെ അനുഭവത്തിൽ എത്തിച്ചേരുവാൻ സാധിക്കൂ. കഷ്ടതകൾ വരുമ്പോൾ സന്തോഷത്തോടെ സ്വീകരിക്കണം, ഈയോബിനെപ്പോലെ, അതിന് ദൈവത്തിന് നന്ദിയും സ്തോത്രവും അർപ്പിക്കേണം. വിശുദ്ധ മാമോദീസായിലൂടെ ലഭിക്കുന്ന ദൈവത്തിന്റെ ആത്മാവിനെയും യേശുവിന്റെ ജീവനെയും പൂർണ്ണമായി നാം തിരികെ ഏൽപ്പിക്കണം. കഷ്ടതകൾ, പ്രയാസങ്ങൾ എന്നിവ സഹിക്കാനും വഹിക്കാനും നമുക്ക് കഴിയണം. അവ സഹിക്കാനുള്ള ശക്തി ദൈവം നമുക്ക് തീർച്ചയായും നൽകുന്നു. ക്രിസ്തുവിന്റെ മണവാട്ടിയായ നാം ഓരോരുത്തരും ക്രിസ്തു അനുഭവിച്ചതിന്റെ ബാക്കി കഷ്ടതകൾ നമ്മുടെ ശരീരത്തിൽ നാം പൂരിപ്പിക്കണം. അന്ന് യേശുക്രിസ്തു തന്റെ സ്നേഹത്തിന്റെ മുറിവുകൾ മണവാട്ടിയെ കാണിക്കുമ്പോൾ, തിരിച്ചു കാണിക്കാനും പറയാനും എന്തെങ്കിലും ഒക്കെ വേണമല്ലോ? നമുക്കുവേണ്ടി ഇത്രയധികം കഷ്ടതകൾ അനുഭവിച്ച്, ഇപ്പോഴും നമുക്ക് വേണ്ടി മാത്രം കാത്തിരിക്കുന്ന ആ മണവാളന്റെ കല്യാണം എത്രയും വേഗം നടക്കുന്നതിനും നിത്യമായ സന്തോഷവും സമാധാനവും അനുഭവിക്കുന്നതിനും യേശുവിന്റെ ജീവൻ എപ്പോഴും നമ്മുടെ ശരീരത്തിൽ ഉണ്ടാകേ□ തിന് യേശുവിന്റെ മരണം എപ്പോഴും നമ്മുടെ ശരീരത്തിൽ ഉണ്ടാകട്ടെ. അങ്ങനെ നാം ഓരോരുത്തർ ദൈവത്തിന്റെ മക്കൾ എന്ന പദവി നേടിയെടുത്ത് പിതാവേ എന്നു വിളിക്കാൻ നമ്മെ യോഗ്യരാക്കി തീർക്കട്ടെയെന്നു ആശംസിക്കുന്നു.